ഓം ശ്രീ സായിരാം

# സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 16C

## വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

പ്രഫസർ അനിൽകുമാർ

## മാർച്ച് 2001

### ആധുനിക അദ്ധ്യാപകർക്ക് അറിയില്ല

അടുത്തതായി, മറ്റൊരു ഉപാഖ്യാനം അദ്ധ്യാപകരെക്കുറിച്ചുള്ള ഭഗവാന്റെ പരാമർശങ്ങളാണ്. അതിനു തൊട്ടു തലേന്ന് അവിടുന്ന് വിദ്യാർത്ഥികളെക്കുറിച്ച് പറഞ്ഞിരുന്നു. ഈ ഉപാഖ്യാനത്തിൽ, അവിടുന്ന് അദ്ധ്യാപകരെക്കുറിച്ച് സംസാരിക്കുന്നതിനാണ് താത്പര്യപ്പെട്ടത്, കാരണം, നിങ്ങൾക്കറിയാം, നമുക്കും നമ്മുടെ ഡോസ് കിട്ടണം.




അവിടുന്ന് പറഞ്ഞു, “അദ്ധ്യാപകരേ, ക്ലാസ്സ് മുറിയിൽ ചോദ്യങ്ങൾ ചോദിക്കേണ്ടത് എപ്രകാരമാണെന്ന് നിങ്ങൾ അറിയണം. നിങ്ങൾ വിദ്യാർത്ഥികളെ ആശയക്കുഴപ്പത്തിലാക്കരു

ത്. ഉത്തരം പറയാനായി നിങ്ങൾ അവർക്ക് എത്ര സമയം അനുവദിക്കുന്നു എന്നതിൽ നിങ്ങൾ ശ്രദ്ധിക്കണം. എന്തു ചോദ്യമാണ് ചോദിക്കേണ്ടത്, എങ്ങനെ ചോദിക്കണം, ഉത്തരം പറയാനായി എത്ര സമയം അനുവദിക്കണം എന്നതൊക്കെ ഒരു അദ്ധ്യാപകൻ അറിയേണ്ടതുണ്ട്. എന്നാൽ, നിർഭാഗ്യവശാൽ, ആധുനിക അദ്ധ്യാപകർക്ക് ഇക്കാര്യങ്ങൾ അറിയില്ല.''

എന്നിട്ട് ഭഗവാൻ പറഞ്ഞു, ''ഇവിടെ നോക്കൂ. ഞാൻ ഭക്തരുടെ ഒരു ഗ്രൂപ്പിനെ വിളിച്ചിട്ട് അവർക്ക് ഒരു ഇന്റർവ്യൂ അനുവദിക്കുന്നു. ഞാൻ അവർക്ക് സമയം കൊടുക്കുന്നു. അതിനുശേഷം, ഞാൻ അടുത്ത ഗ്രൂപ്പിനെ വിളിച്ചിട്ട് അവർക്കും കുറച്ചു സമയം കൊടുക്കുന്നു. ഞാൻ അവർക്ക് കുറച്ച് സമയം കൊടുക്കുന്നത് എന്തിനെന്നാൽ, സ്വാമിയോട് എന്താണ് പ്രാർത്ഥിക്കേണ്ടതെന്ന് അവർക്ക് ചിന്തിക്കാനുള്ള സമയം കൊടുക്കുകയാണ്. ഇതേ പോലെ, എന്റെ ജീവിതമാണ് എന്റെ സന്ദേശം. നിങ്ങളത് മനസ്സിലാക്കണം. എന്തു ചോദിക്കണം എന്നും സമയം എപ്രകാരമാണ് അനുവദിക്കേണ്ടത് എന്നും നിങ്ങളറിയണം.''

പിന്നെ അവിടുന്ന് പറഞ്ഞു, ''പോസ്റ്റ് ഗ്രാഡ്വേറ്റ് വിദ്യാർത്ഥികൾക്ക് വാചികപരീക്ഷ, വൈവാ വോസി, ഉണ്ടാവും. നിങ്ങൾക്കത് ഉണ്ടാവും. എങ്ങനെ ചോദ്യം ചോദിക്കണം എന്ന് നിങ്ങളുടെ പ്രഫസർ അറിഞ്ഞിരിക്കണം.''

## സുന്ദരമായ, ദിവ്യ നിഗൂഢ ശൈലി

സ്വാമി സംസാരിക്കുമ്പോൾ, കുറച്ച് വിദ്യാർത്ഥികൾ അവിടുന്നിനു പറകുവശത്തായി ഇരിപ്പുണ്ടാവും, കാരണം ഓരോരുത്തരും പ്രഭുവിന് അഭിമുഖമായി ഇരിക്കുകയെന്നത് അസാദ്ധ്യമാണല്ലോ. എന്നാൽ, അവർ ശരിയായ ദിശയിൽ ഇരിക്കുന്നതു സംബന്ധമായി സ്വാമി തെരഞ്ഞെടുത്ത നിരീക്ഷണവും വിശദീകരണവും കുറിക്കുകൊള്ളുന്നതും തികച്ചും അനുയോജ്യവുമായിരുന്നു.
എന്താണ് അവിടുന്ന് പറഞ്ഞത്?

''കുട്ടികളേ, വന്ന് എന്റെ മുന്നിലിരിക്കൂ.'' അവിടുന്ന് ഇങ്ങനെ പറഞ്ഞില്ല. അവിടുന്നങ്ങനെ പറഞ്ഞിരുന്നുവെങ്കിൽ ഇവിടെയിരിക്കുന്ന നമ്മെപ്പോലെതന്നെ അവിടുന്നും. പക്ഷേ, അവിടുന്ന് ഈശ്വരനാണ്. അതിനാൽ, അവിടുന്ന് നിങ്ങൾക്കറിയാവുന്നതുപോലെ, സുന്ദരമായ, നിഗൂഢമായ, ദിവ്യമായ ശൈലിയിലാണ് അവിടുത്തെ നിർദ്ദേശങ്ങൾ പകരുന്നത്.

അവിടുന്ന് എന്താണ് പറഞ്ഞത്?

അവിടുന്ന് പറഞ്ഞു, “പഴയ ആ നല്ല കാലത്ത്, ഒരു മഹാപണ്ഡിതൻ ജീവിച്ചിരുന്നു, എല്ലാ ദിവസവും ഈ വിദ്വാൻ ഭഗവത്ഗീതയെക്കുറിച്ച് ഒരു പ്രഭാഷണപരമ്പര ചെയ്തു പോന്നിരുന്നു. പ്രഭാഷണത്തിനിടയ്ക്കുതന്നെ പലരും സ്ഥലം വിടുകയായിരുന്നു പതിവ്- അവർ ഒടുക്കം വരെ ഇരിക്കാറുണ്ടായിരുന്നില്ല. എന്നാൽ, ഒരു വ്യക്തി മാത്രം അവസാനം വരെ ഇരിക്കുകയും ഓരോ ദിവസവും പ്രഭാഷണവേളയിലുടനീളം കണ്ണീർ വാർക്കുകയും ചെയ്യുന്നത് പണ്ഡിതൻ ശ്രദ്ധിച്ചിരുന്നു. പണ്ഡിതന് വളരെ സന്തോഷം തോന്നി.

അവസാനത്തെ ദിവസം, വിദ്വാൻ അയാളെ വിളിച്ചിട്ട് പറഞ്ഞു, “ഒട്ടനവധി പേർ എന്റെ പ്രഭാഷണത്തിന് പങ്കെടുക്കാറുണ്ടെങ്കിലും, താങ്കൾ മാത്രമാണ് ഒടുക്കം വരെ ഇരിക്കാറുള്ള ഒരേയൊരാൾ. എനിക്ക് വളരെ സന്തോഷമായി, എന്റെ കുട്ടീ. നിനക്ക് ഇത്രയും താത്പര്യം തോന്നിച്ച ഗീതാഭാഗം ഏതെന്ന് എന്നോട് പറയുമോ?”



ആ മനുഷ്യൻ പറഞ്ഞു, “ഓ, പ്രിയപ്പെട്ട സാർ, ഈ ദിവസങ്ങളിലത്രയും അങ്ങ് വിശദീകരിച്ച ഒരു ശ്ലോകം പോലും ഞാൻ കേട്ടില്ല, ഇല്ല. എങ്കിൽപ്പിന്നെ ഓരോ ദിവസവും ഒടുക്കംവരെ എന്തിനാണ് ഇരുന്നതെന്ന് അങ്ങ് ചോദിച്ചേക്കും. ഒരൊറ്റ കാരണമേയുള്ളൂ: ഗീത വിശദീകരിക്കുന്നതിനായി, രഥത്തിന്റെ മുമ്പിൽ സാരഥിയായിട്ടിരുന്ന് തേരു തെളിക്കുന്ന ഭഗവാൻ കൃഷ്ണന്, അവിടുത്തെ പുറകിലായി ഇരിക്കുന്ന അർജ്ജുനനുമായി സംസാരിക്കുന്നതിനായി അവിടുത്തെ തല നേരേ പുറകോട്ട് തിരിക്കേണ്ടിവന്നില്ലേ? കൃഷ്ണന്റെ പിടലി ഉറപ്പായും ഉളുക്കിയിട്ടുണ്ടാവും. ആ ഒന്നിനും കൊള്ളാത്ത അർജ്ജുനൻ, ഇങ്ങനെ കൃഷ്ണനെ കഷ്ടപ്പെടുത്തേണ്ട കാര്യമുണ്ടായിരുന്നോ? എനിക്കത് തീരെ ഇഷ്ടപ്പെട്ടില്ല.”

എല്ലാവർക്കും കാര്യം പിടികിട്ടി. പുറകുവശത്തിരുന്ന എല്ലാ കുട്ടികളും ഉടൻതന്നെ എണീറ്റ് സ്വാമിയുടെ മുമ്പിലായി വന്നിരുന്നു. ആളുകൾക്ക് നിർദ്ദേശം നൽകുന്നതിനുള്ള, തമാശയും കളിയും നിറഞ്ഞ, പരോക്ഷമായ രീതിയാണിത്.

## കൈകാര്യം ചെയ്യാൻ നിങ്ങൾ അറിഞ്ഞിരിക്കണം

എന്നിട്ട് അവിടുന്ന് മറ്റൊരു കുട്ടിയെ നോക്കി. അവൻ ബിസിനസ് മാനേജ്മെന്റ് കോഴ്സ് വിദ്യാർത്ഥിയാണ്.

അവിടുന്ന് പറഞ്ഞു, ''ഹേ കുട്ടീ, നിനക്ക് ഇന്നു കാലത്ത് വാചാപരീക്ഷ, വൈവാ വോസി ഉണ്ടായിരുന്നു. നീ ശരിയായി ഉത്തരം പറഞ്ഞില്ല. അവർ നിന്നോട് ഒരു ചോദ്യം ചോദിച്ചപ്പോൾ, നീ പല ഉത്തരങ്ങൾ നൽകി. അത് ശരിയല്ല. അത് തമിഴ്നാട്ടിലെ ഒരു വിഭവമായ അവിയൽ പോലെയാണ്. എല്ലാ പച്ചക്കറിയും ഇട്ട് സൂപ്പുപോലെ ഉണ്ടാക്കുന്ന സാധനമാണ് അവിയൽ. അതിനാൽ, നിന്റെ ഉത്തരവും അവിയൽ പോലെയാണ്, ഒരു മിശ്രിതം; അതൊരു നേർ ഉത്തരമല്ല.''

ആ പയ്യൻ ശരിക്കും പരിഭ്രമിച്ചുപോയി. സ്വാമി തന്നോട് അപ്രകാരം പറയും എന്ന് അവനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

എന്നിട്ട് ഭഗവാൻ പറഞ്ഞു, ''എങ്ങനെ നൈസായി രക്ഷപ്പെടണം എന്നും നിങ്ങൾ അറിഞ്ഞിരിക്കണം. ആളുകൾ നിങ്ങളോട് ഏതാനും ചോദ്യങ്ങൾ ചോദിക്കുന്നു എന്നിരിക്കട്ടെ. നിങ്ങൾക്ക് ഉത്തരം അറിയില്ല എന്നുണ്ടെങ്കിൽ, നിങ്ങളത് തന്മയപൂർവം കൈകാര്യം ചെയ്യണം. സാഹചര്യം കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം.''

''സ്വാമീ, ഞങ്ങൾ എങ്ങനെയാണത് കൈകാര്യം ചെയ്യേണ്ടത്?''

സ്വാമി ഒരു ദൃഷ്ടാന്തം പറയുകയുണ്ടായി:

''ഈ വഴിയേ ഒരു കള്ളൻ പോകുന്നത് നിങ്ങൾ കാണുന്നുവെന്ന് കരുതുക. കുറച്ചു സമയം കഴിഞ്ഞിട്ട് ഒരാൾ വന്ന് നിങ്ങളോട് തിരക്കുന്നു, 'സാർ, ഈ വഴി ഒരു കള്ളൻ പോവുന്നത് അങ്ങ് കണ്ടുവോ?'

നിങ്ങൾ എപ്രകാരമാണ് മറുപടി നൽകേണ്ടത്? ''ഞാൻ കണ്ടില്ല'' എന്ന് നിങ്ങൾ പറഞ്ഞുകൂടാ. നിങ്ങൾ അപ്രകാരം പറഞ്ഞാൽ കള്ളമായിരിക്കും നിങ്ങൾ പറയുക. ''ഞാൻ കണ്ടു'' എന്ന് നിങ്ങൾ പറയുകയാണെങ്കിൽ, അത് നിങ്ങളെ കുഴപ്പത്തിലാക്കും, കാരണം അയാളൊരു കള്ളനാണ്. പിന്നീട് അവൻ നിങ്ങളുടെ കഥ കഴിക്കും, അടുത്തതായി അവൻ നിങ്ങളെയാവും നോട്ടമിടുക. അതുകൊണ്ട് നിങ്ങൾ ഒരു രക്ഷാമാർഗം കണ്ടെത്തിയേ മതിയാവൂ. എന്താണത്?''

“സാർ, കണ്ടതിനൊന്നും പറയാനാവില്ല. പറയാനാവുന്നതിനോ, കാണാനുമാവില്ല.” ആ വിദ്വാൻ ഒന്നും പിടികിട്ടാതെ സ്ഥലം വിട്ടോളും.

എന്താണിതിനർത്ഥം? “കണ്ടതിനൊന്നും” എന്നുവച്ചാൽ, കണ്ണുകളാണ് കള്ളനെ കണ്ടത്, പക്ഷേ കണ്ണുകൾക്ക് സംസാരിക്കാനാവില്ലല്ലോ. “പറയാനാവുന്നതിനോ” എന്നുവച്ചാൽ, നാവ് അഥവാ വായ ആണ് സംസാരിക്കാൻ കഴിവുള്ളത്, പക്ഷേ അതിന് കാണാനാവില്ല. ഇതാണ് ഉദ്ദേശിച്ചത്.

നിങ്ങൾ ഇപ്രകാരം പറയുമ്പോൾ, ആ വിദ്വാൻ ചിന്തിക്കും, ഈ മറുപടി എന്തെന്ന് ചിന്തിക്കുന്നതിലും ഭേദം ഞാൻതന്നെ പോയി കള്ളനെ തെരയുന്നതാണ്.

അതിനാൽ, നിങ്ങൾക്ക് ഉത്തരം നൽകാനാവാത്ത, അസൗകര്യമുള്ള ചോദ്യങ്ങൾ വന്നാൽ, നിങ്ങൾക്ക് എന്തെങ്കിലും യുക്തി അഥവാ സൂത്രപ്പണി കൈയിൽ ഉണ്ടാവണം.”

## ചൂടോ തണുപ്പോ എന്നെ ബാധിക്കുന്നില്ല

കഴിഞ്ഞ വേനൽക്കാലം-അല്ലെങ്കിൽ അതിനു തലേ വർഷം, ഞാൻ കരുതുന്നു- ഗ്രീഷ്മം വളരെ കടുത്തതായിരുന്നു. സ്വാമി പ്രശാന്തിനിലയത്തിൽ കൂടുതൽ കാലം തങ്ങുകയുണ്ടായി. 2001-നു തലേ വർഷമായിരുന്നു അത്. ശ്രീരാമനവമി ഉത്സവം വരെ അവിടുന്ന്




ഇവിടെ തങ്ങുകയുണ്ടായി. വളരെ ഉഷ്ണമുള്ളപ്പോൾ സ്വാമി ഉച്ചതിരിഞ്ഞ് 2.30 മണിയോടെ പുറത്തുവരാറുണ്ടായിരുന്നു.(ഇപ്പോൾത്തന്നെ പ്രശാന്തി ചൂടുപിടിക്കാൻ തുടങ്ങു

ന്നതായി നമുക്ക് തോന്നുന്നുണ്ടല്ലോ). അതുകൊണ്ട്, വേനൽക്കാലം തുടങ്ങുന്നതുവരെ സ്വാമി ഇവിടെ തങ്ങി.

ഞാൻ പറഞ്ഞു, "സ്വാമീ, വേനൽ കടുത്തുതുടങ്ങി."

പെട്ടെന്ന് അവിടുന്ന് എന്നെ നോക്കി പറഞ്ഞു, "ചൂടോ തണുപ്പോ എന്നെ ബാധിക്കുന്നില്ല. ഞാൻ ചെരിപ്പിടാറില്ല. ഞാൻ വെറുതെ നടക്കുകയാണ്."



ആ വേനലിൽ മാർബിൾ തറ വളരെ ചൂടായിരുന്നുവെങ്കിലും, അവിടുന്ന് പതിവുപോലെ അതിലൂടെ നടന്നു.

ഇപ്രകാരമാണ് ഭഗവാൻ പറഞ്ഞത്. "ശൈത്യകാലത്തുപോലും, ആളുകൾ കമ്പിളി ചുറ്റി നടക്കുകയും സ്വെറ്ററും ഗ്ലൗസുമൊക്കെയിട്ട് നടക്കുമ്പോളും, ഞാൻ അങ്ങനെ ചെയ്യാറില്ല, കാരണം, ചൂടോ തണുപ്പോ എന്നെ ബാധിക്കുന്നില്ല." ഇതാണ് ഭഗവാൻ പറഞ്ഞത്.

"തന്നെയുമല്ല, ഞാനീ വേനലുമായി ഇണങ്ങിയിരിക്കുന്നു. ഇതെന്നെ ബാധിക്കില്ല." ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

## എന്റെ പാദങ്ങളുടെ കാന്തശക്തി അപാരമാണ്

ഇനി, ഈ വസ്തുതയും ശ്രദ്ധിച്ചോളൂ-ഇത് എല്ലാ ഭക്തരെയും സംബന്ധിച്ച് അത്യന്തം പ്രധാനമാണ്:

"എന്റെ പാദങ്ങളുടെ കാന്തശക്തി വളരെ കൂടുതലാണ്. ഭൂമിയുടെ ഗുരുത്വാകർഷണശക്തിയും എന്റെ പാദങ്ങളുടെ അപാരകാന്തശക്തിയും തമ്മിലുള്ള ആകർഷണം കാരണമായി ഞാൻ ചില നേരത്ത് നടക്കാൻതന്നെ ബുദ്ധിമുട്ടുന്നു. ചിലപ്പോൾ പാദങ്ങൾ ഭൂമിയിലേക്ക് ഒട്ടിപ്പോവുന്നു, നടക്കുന്നതിനായി എനിക്ക് അവയെ വലിച്ചെടുക്കേണ്ടതായി വരുന്നു, കാരണം ഈ കാന്തശക്തിയും ഭൂഗുരുത്വവും പരസ്പരം ആകർഷിക്കുന്നു. എനി

ക്കത് ബുദ്ധിമുട്ടായി തോന്നുന്നു, അതുകൊണ്ട് എനിക്ക് സാവധാനം നടക്കേണ്ടതായി വരുന്നു. കൂടുതൽപേരും ഇത് മനസ്സിലാക്കിയിട്ടില്ല.''

''ഇനി, രണ്ടാമത്തെ കാരണം ഇതാണ്: ഭക്തർക്ക് കൂടുതൽ നേരം ദർശനം ലഭിക്കുന്നതിനായി, ഞാനിത് സംഭവിക്കാനായി അനുവദിച്ചതാണ്. എല്ലാവർക്കും എന്നെ കാണാം.



ഞാൻ കൂടുതൽ സാവധാനം നടക്കുന്തോറും, എല്ലാവർക്കും എന്റെ ദർശനം ലഭിക്കും. ഇതും നിങ്ങളുടെ സൗകര്യത്തിനുവേണ്ടിയാണ്.''

എന്നിട്ട് സ്വാമി പറഞ്ഞു, ''ഈ മുടിയും വളരെ കാന്തികമാണ്. ഒരു ഇരുമ്പുബ്രഷോ മറ്റോ ഞാൻ ഉപയോഗിക്കുകയാണെങ്കിൽ, കാന്തികപ്രഭാവം കാരണം ഉടനേ മുടി ബ്രഷിൽ പറ്റിപ്പിടിക്കും.'' ഇതാണ് ഭഗവാൻ പറഞ്ഞത്.

ഞങ്ങളൊക്കെ അതിശയത്തോടെ ഇരുന്നു- കാന്തികശക്തി, മുടി ഇരുമ്പുബ്രഷിൽ പറ്റിപ്പിടിക്കുക, പാദങ്ങൾ ഭൂമിയിലേക്ക് ആകർഷിക്കപ്പെടുക?

ശരി, ഇവയൊക്കെ അതിശയകരമായ, തീർത്തും അവിശ്വസനീയമായ കാര്യങ്ങളാണ്. ഇതിന് സ്വാമിയിൽനിന്നും ഒരു മറുപടി ലഭിക്കുന്നുണ്ട്:

''നോക്കൂ, നിങ്ങളിൽ ഓരോരുത്തരുടെ ഉള്ളിലും കാന്തികശക്തിയുണ്ട്, എന്നിൽ മാത്രമല്ല. എല്ലാവരിലും ഒരു ജനറേറ്റർ ഉണ്ട്. ചൂട്, പ്രകാശം-എല്ലാം നിങ്ങളുടെ ഉള്ളിലുണ്ട്. നിങ്ങ

ളുടെ ഓർമ്മയാണ് നിങ്ങളിലെ കമ്പ്യൂട്ടർ. ഊർജ്ജമാണ് നിങ്ങളുടെ ജനറേറ്റർ. നിങ്ങളുടെ ശരീരത്തിൽ ചൂടുണ്ട്. നിങ്ങളുടെ കണ്ണുകളിൽ പ്രകാശമുണ്ട്. നിങ്ങളിൽ മുമ്പുതന്നെ ഇല്ലാത്തതായ യാതൊന്നുംതന്നെ പുറത്തുമില്ല.''

അവിടുന്ന് ഇപ്രകാരമാണ് അരുളിയത്.

## നിത്യ പരിശീലനം

ഇനി അവസാനമായി, ഒത്തിരി സംസാരിക്കരുത് എന്നും കൂടുതൽ ഓർമ്മശക്തി ലഭിക്കുന്നതിനായി ഊർജ്ജം സംഭരിക്കേണ്ടതുണ്ടെന്നും അവിടുന്ന് വിദ്യാർത്ഥികളോട് പറഞ്ഞു. അവർ എല്ലായ്പോഴും നല്ല സുഹൃത്തുക്കളുമായി ഒത്തുചേരണം എന്നും, അവർ അവരുടെ ഊർജ്ജം പാഴാക്കരുത് എന്നും അവിടുന്ന് അരുളിച്ചെയ്തു. കുറച്ചുനേരമെങ്കിലും, അനാവശ്യചിന്തകൾ വെടിഞ്ഞ്, മൗനം ആചരിക്കേണ്ടത് ആവശ്യമാണെന്നും അവർക്ക് മിനിമം സമ്പർക്കങ്ങൾ മതി എന്നും അവിടുന്ന് വിശദമാക്കുകയുണ്ടായി. കൂടാതെ, അവർ പരസ്പരം തൊട്ടുകൊണ്ട് ഇരുന്നുകൂടാ, കാരണം അവർക്കവരുടെ സ്പന്ദനം നഷ്ടമാവും എന്നും അവിടുന്ന് വിദ്യാർത്ഥികളോട് പറഞ്ഞു.

ആ ദിവസം സ്വാമി എല്ലാ ആൺകുട്ടികളോടും, അവർ നിത്യജീവിതത്തിൽ പരിശീലിക്കേണ്ട ഏതാനും കാര്യങ്ങളെപ്പറ്റി, ഇതൊക്കെയാണ് സംസാരിച്ചത്.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)